District Programme Manager (NHM),
Near Govt. School of Nursing,
Court Road, Kanhangad, Kasaragod,
PIN -671315

## SHORT QUOTATION NOTICE

No. DPMSU-KSGD/1114/OS/2019/DPMSU (I)

Dated: 15.03.2022

**ദർഘാസ് നോട്ടീസ്**

കാസറഗോഡ് ദേശീയ ആരോഗ്യ ദൗത്യം(ആരോഗ്യ കേരളം) അമ്മയും കുഞ്ഞും പദ്ധതിയിലേക്ക് ആവശ്യമായി വരുന്ന താഴെ പറയുന്ന ടാക്സി പെർമിറ്റുള്ള **എയർ കണ്ടീഷൻ ചെയ്ത വാഹനങ്ങൾ** 11 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിലേക്കായി വാഹന ഏജൻസികളിൽ നിന്നും വാഹന ഉടമകളിൽ നിന്നും മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | വാഹനം ലഭ്യമാക്കേണ്ട പദ്ധതി/സ്ഥാപനം | ബ്രാൻഡുകൾ | രജിസ്ട്രേഷൻ തീയതി | പ്രതിമാസം ഓടേണ്ടുന്ന ദൂരം | പരമാവധി പ്രതിമാസ തുക (ഇന്ധനം ഉൾപ്പെടെ) | വാഹനങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | അമ്മയും കുഞ്ഞും പദ്ധതി- I (ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്) | 5 സീറ്റഡ് A/C സെഡാൻ വാഹനം | 2017 മുതൽ | 2000 കി. മീ | 38,000/- | 1 എണ്ണം |
| 2 | അമ്മയും കുഞ്ഞും പദ്ധതി-II (ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്) | 5 സീറ്റഡ് A/C സെഡാൻ വാഹനം | 2017 മുതൽ | 2000 കി. മീ | 38,000/- | 1 എണ്ണം |
| 3 | അമ്മയും കുഞ്ഞും പദ്ധതി-III (ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്) | 5 സീറ്റഡ് AC വാഹനം | 2017 മുതൽ | 2000 കി. മീ | 36,000/- | 1 എണ്ണം |
| 4 | അമ്മയും കുഞ്ഞും പദ്ധതി-I (ജനറൽ ആശുപത്രി, കാസറഗോഡ്) | 5 സീറ്റഡ് A/C സെഡാൻ വാഹനം | 2017 മുതൽ | 2000 കി. മീ | 38,000/- | 1 എണ്ണം |
| 5 | അമ്മയും കുഞ്ഞും പദ്ധതി-II (ജനറൽ | 5 സീറ്റഡ് A/C സെഡാൻ | 2017 മുതൽ | 2000 കി. മീ | 38,000/- | 1 എണ്ണം |

Draft #122 of File DPMSU-KSGD/1114/OS/2019/DPMSU Approved by District Program Manager on 15-Mar-2022 12:11 PM - Page 1

| | | | | | | |
|---|---|---|---|---|---|---|
| | ആശുപത്രി, കാസറഗോഡ്) | വാഹനം | | | | |
| 6 | അമ്മയും കുഞ്ഞും പദ്ധതി-III (ജനറൽ ആശുപത്രി, കാസറഗോഡ്) | 5 സീറ്റഡ് A/C വാഹനം | 2017 മുതൽ | 2000 കി. മീ | 36,000/- | 1 എണ്ണം |

| | |
|---|---|
| ടെൻഡർ ഫോറത്തിന്റെ വില | 400+12% ജി എസ് ടി |
| നിരത ദ്രവ്യം | 5000/- |
| ടെൻഡർ ഫോറം ലഭിച്ചു തുടങ്ങുന്ന തീയ്യതി | 21-03-2022 |
| ടെൻഡർ ഫോറം ലഭിക്കുന്ന അവസാന തീയ്യതി | 31.03.2022 ന് ഉച്ചയ്ക്ക് 2.00 മണി വരെ |
| ടെൻഡർ ഫോറം സമർപ്പിക്കേണ്ടുന്ന അവസാന തീയ്യതി | .31.03.2022 ന് ഉച്ചയ്ക്ക് 2.30 മണിക്ക് |
| ടെൻഡർ ഫോറം തുറക്കുന്ന തീയ്യതി സമയം | 31.03.2022 ന് ഉച്ചയ്ക്ക് 3.00 മണിക്ക് |

മേൽ പറഞ്ഞ എല്ലാ വാഹനങ്ങളും പറഞ്ഞിരിക്കുന്ന വർഷം ജനുവരി ഒന്നാം തീയതിക്ക് ശേഷം രജിസ്റ്റർ ചെയ്തതായിരിക്കണം.

ടെൻഡർ ഫോറത്തിന്റെയും നിരത ദ്രവ്യത്തിന്റേയും വില ' The District Health and Familiy Welfare Society, Arogyakeralam, Kasaragod' എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി മാത്രമേ സ്വീകരിക്കുകയുള്ളൂ.

കൂടുതൽ വിവരം ആരോഗ്യ കേരളം ഓഫീസിൽ നിന്ന് നേരിട്ടോ 0467 2209466 എന്ന ഫോൺ നമ്പറിലോ പ്രവൃത്തി സമയത്ത് ലഭിക്കുന്നതാണ്.

ടെൻഡർ നടപടികൾ ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുവാനോ മാറ്റങ്ങൾ വരുത്തുവാനോ ഉള്ള അധികാരം ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മനേജരിൽ നിക്ഷിപ്തമായിരിക്കും.

<u>കരാർ വ്യവസ്ഥകൾ</u>

1.ദർഘാസ് ഫോറം ആവശ്യമുള്ളവർ അപേക്ഷയും ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയും സഹിതം ഓഫീസിൽ ഹാജരാകേണ്ടതാണ്.

2.ദർഘാസിലെ തുക വിവരം അക്കത്തിലും അക്ഷരത്തിലും തിരുത്തലുകൾ കൂടാതെ വ്യക്തമായി എഴുതിയിരിക്കണം. ഡ്രൈവറുടെ ശമ്പളം, ഇന്ധന ചെലവ്, മെയിന്റനൻസ് ചെലവ് മുതലായവയടക്കം ഒരു മാസത്തേക്ക് പ്രതീക്ഷിക്കുന്ന തുകയായിരിക്കണം ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.

3.കരാർ കാലവധിയും വാഹനത്തിന്റെ ആദ്യ രജിസ്ട്രേഷനും ടെൻടർ നോട്ടീസിൽ പറഞ്ഞ പ്രകാരമായിരിക്കും

4.വാഹനം ഡ്രൈവർ സഹിതം എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെയും ആവശ്യപ്പെടുന്ന പക്ഷം അവധി ദിവസങ്ങളിലും മറ്റു സമയങ്ങളിലും വാഹനം ലഭ്യമാക്കേണ്ടതാണ്.

5.ടെൻഡറിനോടൊപ്പം വാഹനത്തിന്റെ രജിസ്ട്രേഷൻ, ഇൻഷുറൻസ്, ടാക്സ്, പെർമിറ്റ് തുടങ്ങി ആവശ്യമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കേണ്ടതാണ്.

6.ടെൻഡറിനൊപ്പം നിരതദ്രവ്യമായി 5000/- രൂപയുടെ ഡിഡി ജില്ലാ ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സൊസൈറ്റി കാസറഗോഡിന്റെ പേരിൽ അടക്കം ചെയ്യേണ്ടതാണ്.

7.കരാർ ഉറപ്പിക്കുന്ന വ്യക്തി പിന്മാറുകയോ കരാർ സ്വീകരിക്കൻ വിസമ്മതിക്കുകയോ ചെയ്താൽ

Draft #122 of File DPMSU-KSGD/1114/OS/2019/DPMSU Approved by District Program Manager on 15-Mar-2022 12:11 PM - Page 2

നിരതദ്രവ്യ തുക ജില്ലാ പ്രോഗ്രാം മനേജർ വസൂലാക്കുന്നതും വസൂലാക്കുന്നതും ടെൻഡർ നടത്തിപ്പിന് ചെലവ് വന്ന തുക ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

8.അപേക്ഷ നൽകുന്നയാൾക്ക് ഒന്നിൽ കൂടുതൽ വാഹനത്തിന് ടെണ്ടർ നൽകാവുന്നതാണ്. ഒരാൾ ഒന്നിൽ കൂടുതൽ വാഹനത്തിന് ടെണ്ടർ നൽകുകയാണെങ്കിൽ ഓരോ വാഹനത്തിനും പ്രത്യേകം അപേക്ഷ ഫോറവും പ്രൈസ് ബിഡ്ഡും നൽകേണ്ടതാണ്.

9.വാഹനത്തിന്റെ ഡ്രൈവർമാരെ വാഹന ഉടമ നിയമിക്കണം.ഡ്രൈവർക്ക് കാലഹരണപ്പെടാത്ത ലൈസൻസ്, ബാഡ്ജ് എന്നിവ ഉണ്ടായിരിക്കണം.

10.ജില്ലാ പ്രോഗ്രാം മാനേജരുടെ നിർദ്ദേശപ്രകാരം മാത്രമേ ഡ്രൈവർമാരെ മാറ്റാൻ പാടുള്ളൂ. തുടർച്ചയായി ഡ്രൈവർമാരെ മാറ്റുന്നത് കരാർ റദ്ദുചെയ്യുന്നതിനിടയാക്കും.

11.വാഹനത്തിന്റെ ഡ്രൈവർക്ക് ഡ്രൈവിംഗിൽ നിപുണത ഉണ്ടെന്ന് ഉടമ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ നല്ല പെരുമാറ്റം കാഴ്ച വയ്ക്കേണ്ടതുമാണ്. ഡ്രൈവറുടെ ഭാഗത്തുനിന്നും എന്തെങ്കിലും തരത്തിലുള്ള വീഴ്ചയുണ്ടായാൽ കരാർ റദ്ദുചെയ്യുന്നതാണ്.

12.വാഹനത്തിന്റെ ഡൈവർമാർ ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന യൂണിഫോം ആയ കറുത്ത പാന്റും വെള്ള ഷർട്ടും ഡ്യൂട്ടി സമയങ്ങളിൽ ധരിക്കേണ്ടതാണ്.

13.കരാറിൽ ഏർപ്പെടുന്ന വാഹനത്തിന്റെ ഡ്രൈവർ ഹാജരാകാതിരിക്കുകയോ അപകടത്തിൽ പെടുകയോ, വാഹനത്തിന് തകരാർ സംഭവിക്കുകയോ ചെയ്യുകയാണെങ്കിൽ അന്നേ ദിവസം തന്നെ കരാറുകാരന്റെ ചിലവിൽ അതേ തരത്തിലുള്ള മറ്റൊരു വാഹനം തരപ്പെടുത്തി നൽകേണ്ടതാണ്. ഇതനുസരിച്ച് പ്രവർത്തിക്കാത്ത പക്ഷം ജില്ലാപ്രോഗ്രാം മാനേജരുടെ സ്വന്തം ചിലവിൽ വാഹനം ഏർപ്പാട് ചെയ്യുന്നതും ആയതിന് ചിലവാകുന്ന മുഴുവൻ തുകയും കരറുകാരനിൽ നിന്ന് ഈടാക്കുന്നതുമാണ്.

14.വാഹനം ഒരു മാസം ടെണ്ടർ നോട്ടീസിൽ പറഞ്ഞ പ്രകാരം ഓടേണ്ടതാണ്.

15.ടാക്സ്, ഇന്ധനം, ഇൻഷുറൻസ്, മെയിന്റനൻസ് മുതലായ എല്ലാചെലവുകളും വാഹന ഉടമ വഹിക്കേണ്ടതാണ്.

16.കരാറിൽ ഏർപ്പെട്ടിരിക്കുന്ന വാഹനത്തിന്റെ മുൻ വശത്തും പിൻ വശത്തും എൻ എച്ച് എം ഓൺ കോൺട്രാക്ട് എന്ന് രേഖപ്പെടുത്തിയ (നീല പ്രതലത്തിൽ വെളുത്ത അക്ഷരം) സ്ഥാപിക്കേണ്ടതാണ്. ടി വാഹനം ദിവസേന കരാർ കാലയളവിൽ സേവനത്തിന് നിയോഗിക്കപ്പെട്ട സമയമത്രയും ഈ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

17.യാത്രാവേളയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഉൾപ്പെടെ എല്ലാ കഷ്ടനഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്വം വാഹന ഉടമയ്ക്കായിരിക്കും.

18.കരാർ ഉറപ്പിക്കുന്ന വാഹന ഉടമ/ സ്ഥാപനം 200/- രൂപ മുദ്ര പത്രത്തിൽ ഒരു സമ്മതപത്രം ഒപ്പു വയ്ക്കേണ്ടതും നിരത ദ്രവ്യം (5000.00) സെക്യൂരിറ്റി ഡെപ്പോസിറ്റായി വകയിരുത്തുന്നതുമായിരിക്കും. കോൺട്രാക്ടിൽ വീഴ്ച്ച വരുത്തുന്ന പക്ഷം സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക സർക്കാരിലേക്ക് വസൂലാക്കുന്നതാണ്.

19.ജില്ലാ പ്രോഗ്രാം മനേജർ അംഗീകരിച്ചിട്ടുള്ള കരാർ വ്യവസഥകൾ, കരാർ തുക എന്നിവ കരാർ കാലയളവിൽ പാലിക്കപ്പെടേണ്ടതാണ്. അല്ലാത്ത പക്ഷം നോട്ടീസ് കൂടാതെ കരാർ റദ്ദു ചെയ്യാനുള്ള അധികാരം ജില്ലാ പ്രോഗ്രാം മാനേജർക്ക് ഉണ്ടായിരിക്കും.

20.വാഹനത്തിന്റെ ലോഗ് ബുക്ക് ഡ്രൈവറുടെ കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതും ഓരോ യാത്രയും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഓരോ മാസത്തേയും ബില്ലിനൊപ്പം ലോഗ് ബുക്കിന്റെ പ്രസ്തുത ഭാഗത്തിന്റെ പകർപ്പും നൽകേണ്ടതാണ്. അഡ്വാൻസ് തുക ലഭിക്കുന്നതല്ല.

21.കരാർ കാലയളവിൽ 30 ദിവസത്തെ മുൻ കൂർ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കാൻ ജില്ലാ

Draft #122 of File DPMSU-KSGD/1114/OS/2019/DPMSU Approved by District Program Manager on 15-Mar-2022 12:11 PM - Page 3

പ്രോഗ്രാം മാനേജർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

22.വർക്ക് ഓഡർ ലഭിച്ച തീയ്യതി മുതൽ വാഹനം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട ഓഫീസർ നിർദ്ദേശിക്കുന്ന സ്ഥലത്ത് വാഹനം സജ്ജമാക്കിയിടേണ്ടതുമാണ്.

23.ദർഘാസ് തുറക്കാൻ തീരുമാനിച്ച ദിവസം പൊതു അവധി ദിനമായി വരികയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ദർഘാസ് തുറക്കുന്നതാണ്.

24.നിലവിലുള്ള ദർഘാസ് വ്യവസ്ഥകൾ ഈ ദർഘാസിന് ബാധകമായിരിക്കും. ഈ ദർഘാസിലെ ഏതൊരു വ്യവസ്ഥയും മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതുനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമായിരിക്കും.

25.കരാറിൽ ഏർപ്പെടുന്ന വാഹനങ്ങളിൽ എൻ എച്ച് എം നിർദ്ദേശിക്കുന്ന ബോർഡുകൾ ഒഴികെ മറ്റ് അലങ്കാരങ്ങളൊന്നും തന്നെ അനുവദിക്കുന്നതല്ല.

<u>പകർപ്പ്:</u>

1.നോട്ടീസ് ബോർഡ് : ആരോഗ്യകേരളം, കാസറഗോഡ്

2. :ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)

3. :സിവിൽ സ്റ്റേഷൻ, കാസറഗോഡ്

4. : ആർ ടി ഒ, കാഞ്ഞങ്ങാട്, കാസറഗോഡ്

5.ആരോഗ്യകേരളം വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്.

Office of the District Programme Manager, NHM, Arogyakeralam, Kasaragod, Kanhangad-671315
Date: 15.03.2022

**Dr. Rijith Krishnan**
**District Program Manager**

Draft #122 of File DPMSU-KSGD/1114/OS/2019/DPMSU Approved by District Program Manager on 15-Mar-2022 12:11 PM - Page 4

The document is digitally approved. Hence signature is not needed.